# ഗവൺമെന്റ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തൈയ്ക്കാട്, തിരുവനന്തപുരം- 695014

**ഫോൺ നം: 0471 2323457/458**

**Email ID: wchthycaud@gmail.com**


നം.എ3- 375/2025            തീയതി 15.01.2025

## ദർഘാസ് പരസ്യം

തൈയ്ക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ 15.02.2025 മുതൽ 14.02.2026 വരെ കാലയളവിലേക്ക് വൈകുന്നേരം 6 മണി മുതൽ രാവിലെ 8 മണി വരെയുള്ള സമയത്ത് Call duty Vehicle ആയി വാഹനവും, ഡ്രൈവറേയും നൽകുന്നതിന് റണ്ണിംഗ് കോൺട്രാക്ട് മുഖേന ടാക്സി കാർ ഉടമകളിൽ നിന്നും മുദ്രവച്ച ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | | | |
|---|---|---|---|
| ടെണ്ടർ ഫാറത്തിന്റെ വില | - | Rs.1000 +18%GST(Rs.180/-) | |
| ടെണ്ടർ ഫാറം വിതരണം ചെയ്യുന്ന അവസാന തീയതി | - | 07.02.2025 | 11.30 AM |
| ടെണ്ടർ ഫാറം സ്വീകരിക്കുന്ന അവസാന തീയതി | - | 10.02.2025 | 12.00 Noon |
| ടെണ്ടർ തുറക്കുന്ന തീയതി | - | 10.02.2025 | 12.30 PM |
| നിരതദ്രവ്യം | - | Rs.10000/- | |

### നിബന്ധനകൾ

1. ദർഘാസ് ഫോം ഉള്ളടക്കം ചെയ്തിട്ടുള്ള കവറിനുമുകളിൽ "നം.എ3-375/2025/സ്ത്രീ.കു.ആ തീയതി 15.01.2025 , തൈയ്ക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ കരാർ അടിസ്ഥാനത്തിൽ വാഹനം അനുവദിക്കുന്നതിനുള്ള ടെണ്ടർ " എന്ന് രേഖപ്പെടുത്തിയിരിക്കണം.
2. ടെണ്ടർ ലഭിക്കുന്ന വ്യക്തി കേന്ദ്ര/ കേരള മോട്ടോർ വാഹന ചട്ട പ്രകാരമുള്ള നിബന്ധനകൾ പാലിച്ചുള്ള വാഹനങ്ങൾ മാത്രമേ ഉപയോഗിക്കാവൂ. വാഹനം ഓടിക്കുന്ന ഡ്രൈവർക്ക് RTO നിഷ്കർഷിച്ചിട്ടുള്ള യോഗ്യത ഉണ്ടായിരിക്കണം.
3. സ്വീകാര്യമായ ടെണ്ടർ പ്രകാരം തൈയ്ക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിന്നും ഡോക്ടർമാരെ താമസ സ്ഥലത്ത് നിന്ന് ആശുപത്രിയിലേക്കും ആശുപത്രിയിൽ നിന്ന് തിരിച്ച് താമസ സ്ഥലത്തേയ്ക്കും എത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം ടെണ്ടർ ലഭിക്കുന്ന വ്യക്തിയിൽ/ ടാക്സി ഓണറിൽ നിക്ഷിപ്തമായിരിക്കും.
4. ടെണ്ടർ ലഭിക്കുന്ന വ്യക്തിയുടെ വാഹനം ആശുപത്രി കോമ്പൗണ്ടിൽ പാർക്ക് ചെയ്യേണ്ടതാണ്. വാഹനം നിശ്ചിത സമയത്തിനകം ലഭ്യമാക്കുന്നതിനുള്ള ഉത്തരവാദിത്വം ഉണ്ടായിരിക്കും.

5. ടെണ്ടർ ലഭിക്കുന്ന വ്യക്തികളുടെ വാഹനം ഏതു സമയത്തും ലഭ്യമാകത്തക്ക രീതിയിൽ സജ്ജമായിരിക്കേണ്ടതാണ്. വാഹനത്തിന്റെ ഉടമസ്ഥൻ ആശുപത്രിയ്ക്ക് വേണ്ടി ഉപയോഗിക്കുന്ന വാഹനത്തിന്റെയും, ഡ്രൈവറുടെയും വിവരങ്ങൾ ആശുപത്രി സൂപ്രണ്ടിനെ രേഖാമൂലം മുൻകൂട്ടി അറിയിക്കേണ്ടതാണ്. കരാർ കാലയളവിൽ വാഹനമോ, ഡ്രൈവറോ മാറുന്നുണ്ടെങ്കിൽ ആയതും യാഥാസമയം അറിയിക്കേണ്ടതാണ്
6. സ്വീകാര്യമായ ടെണ്ടർ സമർപ്പിച്ച വ്യക്തിയെ രേഖാ മൂലം വിവരം അറിയിക്കുന്നതാണ്. അപ്രകാരം അറിയിപ്പ് ലഭിച്ച കഴിഞ്ഞാൽ 2 ദിവസത്തിനുള്ളിൽ 200 രൂപയുടെ മുദ്ര പത്രത്തിൽ കരാർ ഒപ്പിടേണ്ടതാണ്.

പൂരിപ്പിച്ച് ആവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്ത ദർഘാസ്സുകൾ 10.02.2025 ഉച്ചയ്ക്ക് 12 മണിവരെ ഈ ആഫീസിൽ സ്വീകരിക്കുന്നതും, അന്നേ ദിവസം ഉച്ചയ്ക്ക് ശേഷം.12.30 മണിയ്ക്ക് ദർഘാസുകൾ സമർപ്പിച്ചിട്ടുള്ള വ്യക്തികളുടെയോ അവർ അധികാരപ്പെടുത്തിയവരുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. ആവശ്യമായ രേഖകൾ ഹാജരാക്കിയും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയതുമായ ദർഘാസ് അംഗീകരിക്കുന്നതാണ്. നിശ്ചിത സമയം കഴിഞ്ഞ് സമർപ്പിക്കുന്ന ടെൻഡറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ദർഘാസുകൾ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ആഫീസിൽ നിന്നും അറിയാവുന്നതാണ്.

ഗവ: സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തൈക്കാട്, തിരുവനന്തപുരം 695014.

സൂപ്രണ്ട്

പകർപ്പ്:-

1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം (വെബ് സൈറ്റിൽ പരസ്യപ്പെടുത്തുന്നതിന്)
2. സ്റ്റേറ്റ് പബ്ലിക് റിലേഷൻ ഓഫീസർ പി.ആർ.ഡി ഓഫീസ്, തിരുവനന്തപുരം
3. ജില്ലാ പബ്ലിക് റിലേഷൻ ഓഫീസർ.പി.ആർ.ഡി ഓഫീസ്, തിരുവനന്തപുരം
4. ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം), തിരുവനന്തപുരം
5. ആശുപത്രി നോട്ടീസ് ബോർഡ്
6. തിരുവനന്തപുരം നഗരസഭ നോട്ടീസ് ബോർഡ്
7. തൈയ്ക്കാട് വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്
8. തിരുവനന്തപുരം താലൂക്ക് ആഫീസ് നോട്ടീസ് ബോർഡ്
9. ഫയൽ/ സ്റ്റോക്ക് ഫയൽ